DESPATCHED
On... 22/06/2020
13/3/20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 565*(7)/2015*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **3773** /*എസ്.ഐ.സി-ജി 6/15)*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.വി.ജോർജ്ജ്,
കട്ടക്കയത്ത് (H),
കാപ്പിമല, വിജയഗിരി പി.ഒ.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ക്ഷീരവികസന ഓഫീസറുടെ കാര്യാലയം,
തളിപ്പറമ്പ് ബ്ലോക്ക്, കരിമ്പം പി.ഒ. – 670 142.

2. അപ്പീൽ അധികാരി&
ക്ഷീരവികസന ഓഫീസർ,
ക്ഷീരവികസന ഓഫീസറുടെ കാര്യാലയം,
തളിപ്പറമ്പ് ബ്ലോക്ക്, കരിമ്പം പി.ഒ. – 670 142.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.03.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.03.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.വി. ജോർജ്ജ്, 07.03.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 10.03.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.565(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് കൃത്യമായ മറുപടി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 11.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2013–14 കാലയളവിലെ എം.എസ്.ഡി.പി. പദ്ധതിയിൽ ഗുണഭോക്താവാകാൻ അപേക്ഷ നൽകിയതിൽ കർഷകരുടെ ഭവനങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ടും അവരുടെ സംഘത്തിൽ നിന്നും എടുത്ത റിപ്പോർട്ടും നൽകണമെന്നും കർഷകരുടെ ഭവനം സന്ദർശിച്ച ഉദ്യോഗസ്ഥരുടെ പേരും തസ്തികയുടെ പേരും നൽകണമെന്നുമാണ്. ആയതിന് 04.09.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 09.04.2015നും 21.01.2020നും കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ ടി ഓഫീസിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2013–14 വർഷത്തെ എം.എസ്.ഡി.പി. പദ്ധതിയിലെ അപേക്ഷകരുടെ ഭവനങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടുക

ളുടെ പകർപ്പുകൾ 16.09.2014ന് 46/- രൂപ ഫീസ് ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നൽകിയെന്നാണ്.

എന്നാൽ യഥാർത്ഥ റിപ്പോർട്ടല്ല ടിയാന് നൽകിയതെന്ന് കാണിച്ച് 01.10.2014ന് വീണ്ടും അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ട റിപ്പോർട്ടുകളാണ് നൽകിയിരുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് 21.10.2014ന് മറുപടി നൽകിയെന്നും ടി മറുപടിയിൽ ആക്ഷേപമുണ്ടെങ്കിൽ ബന്ധപ്പെട്ട അപ്പീൽ അധികാരിയുടെ വിലാസമായി തളിപ്പറമ്പ് ക്ഷീര വികസന ഓഫീസറുടെ വിലാസം നൽകിയിരുന്നെങ്കിലും അപ്പീൽ സമർപ്പിച്ചിട്ടില്ല എന്നുമാണ്. തുടർന്ന് ടിയാൻ തെറ്റായ വിവരങ്ങളാണ് ലഭിച്ചതെന്നും അറിയിച്ചുകൊണ്ട് 24.11.2014ന് ടിയാൻ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ക്ഷീര വികസന വകുപ്പിന്റെ എം.എസ്.ഡി.പി. പദ്ധതിയനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതും ക്ഷീര വികസന ഓഫീസ് മുഖേനയാണെന്നും അപേക്ഷകളടക്കമുള്ള മുഴുവൻ രേഖകളും തളിപ്പറമ്പ് ക്ഷീര വികസന ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും തളിപ്പറമ്പ് ക്ഷീര വികസന ഓഫീസിലെ എസ്.പി.ഐ.ഒ. ഡെയറി ഫാം ഇൻസ്ട്രക്ടറും അപ്പീൽ അധികാരി ക്ഷീര വികസന ഓഫീസറുമാണെന്നും ടി സാഹചര്യത്തിൽ ഹർജിക്കാരൻ ടി ഓഫീസിൽ നൽകിയ അപ്പീൽ അപേക്ഷ ഹർജിക്കാരന് മറുപടി നൽകുന്നതിനായി 24.11.2014ന് തളിപ്പറമ്പ് ക്ഷീര വികസന ഓഫീസർക്ക് നൽകുകയും ആയതിന് തളിപ്പറമ്പ് ക്ഷീര വികസന ഓഫീസിൽ നിന്നും ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എങ്കിലും ടിയാന് തെറ്റായ വിവരങ്ങളാണ് നൽകിയതെന്നാണ് ടിയാന്റെ ആരോപണമെന്നും ആകയാൽ ഓഫീസിലെ മുഴുവൻ രേഖകളും ഓഫീസ് സമയത്ത് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള നിർദ്ദേശം ഹർജിക്കാരന് നൽകണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ടതിൽ 40ൽ അധികം പേരുടെ റിപ്പോർട്ടുകളുണ്ടെന്നും 23 പേരുടേത് മാത്രമേ നൽകിയുള്ളുവെന്നും ഇത്തരത്തിലൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല എന്ന് പറയുന്നത് തെറ്റാണെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഓരോ കർഷകന്റെയും വീടുകൾ സന്ദർശിച്ച് പരിശോധനാ റിപ്പോർട്ട് അപേക്ഷയുടെ മറുവശത്തു എഴുതുകയാണ് പതിവെന്നും ടി സ്കീം ഏറ്റവും നന്നായി ചെയ്യുന്നവർക്കാണ് സബ്സിഡി നൽകുന്നതെന്നും സ്കീം അനുസരിച്ചുള്ള തുക തീർന്നുപോയാൽ അടുത്ത സാമ്പത്തിക വർഷം നൽകിയിട്ടുണ്ടെന്നും എല്ലാവരുടെയും പേരിൽ റിപ്പോർട്ട് തയ്യാറാക്കാറില്ലെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)